Title Code No. MAHBIL06912

# KERALA CATHOLIC ASSOCIATION MUMBAI BULLETIN

Estd. 1959

VOL. 62 | ISSUE 1-3 | MUMBAI | JAN 2025 - SEP 2025 | PAGE 40 | FREE CIRCULATION TO MEMBERS



# KCA ONAM CELEBRATION 2025













# KERALA CATHOLIC ASSOCIATION MUMBAI BULLETIN

Estd. 1959

VOL. 62 | ISSUE 1-3 | MUMBAI | PAGE 40 | JAN 2025 - SEPT 2025 | Free Circulation To Members



## EDITORIAL BOARD

Chief Editor & Publisher : Mr. Abhilash Joseph
Managing Editor : Mr. P.R. Jose
Editorial Board : Prof. George Joseph
: Mr. A.V. Ignatius

## OFFICE BEARERS

President : Mr. Joy Varghese Pareckattil
Gen. Secretary : Mr. Abhilash Joseph
Treasurer : Mr. Sajesh Abraham
Vice President : Mr. Siby Joseph
: Mr. P.O. Jose
Joint Secretary : Mr. Jose George
: Mr. C.M. Fernandez
Joint Treasurer : Mr. A.J. Wilson

**Executive Committee Members:**

Mr. Sunny Mathew | Mr. Sebastian Thomas
Mr. Joseph Thomas | Mr. Joy Mathew Nellan
Mr. Sunil Dass | Mr. P.R. Jose
Mr. John Chellanthara | Mr. Jameskutty Eapen
Ms.Lincy George | Ms.Emily Jose
Mr. M.T. David | Mr. Shibu John
Mr. Samji Joseph | Mr. Ajeesh Joseph
Mr. K.J. Raphael

**Ex-Officio Members:**

Mr. Abraham Lukose | Mr. Thomas P. George

**Internal Auditors:**

Mr. Jose Mathew | Mr. Joseph Paul Parakka

**Co-opted Members:**

Mr. Johny Varghese | Mr. Joy Devassy Payappilly
Mr. James Kannampuzha

**Special Invitees:**

Mr. Paul Varghese | Mr. Lalson George Chiramel
Mr. Mohan Kandathil | Ms. Sonia Lal Joseph
Mr. Lijo Joseph | Ms. Daisy Ignatius


## ഉള്ളടക്കം


പ്രസിഡന്റിന്റെ സന്ദേശം . . . . . . . . . . . . 5–6
എഡിറ്റോറിയൽ. . . . . . . . . . . . . . . . . . . . . 7–8
വാർഷിക പ്രവർത്തന റിപ്പോർട്ട് . . . 10–15
യൂണിറ്റ് വാർത്തകൾ . . . . . . . . . . . . . . . 16–19
ലേഖനങ്ങൾ . . . . . . 20–22, 24–25, 29–30, 32–33, 35–36
സ്കൂൾ വാർത്തകൾ. . . . . . . . . . . . . . . 26–28
പുതിയ ആജീവനാംഗങ്ങൾ. . . . . . . . . . . 31
ആദരാഞ്ജലികൾ . . . . . . . . . . . . . . . . . . . 38




**OUR PATRON**
**ST. FRANCIS OF ASSISI**
**PRAY FOR US**


**THE KERALA CATHOLIC ASSOCIATION, MUMBAI (Regd.)**
**(Regd. No. : Public Trust Act. F 2560 (Mumbai) Societies Act. Mumbai 174/71)**
**Central Office:** KCA Bhavan, KCA St. Francis of Assisi International School
P.L. Lokhande Marg, Chembur, Mumbai - 400 043. • Tel.: +91 22 2550 9104
Email: info@kcamumbai.com / generalsecretary@kcamumbai.com
**Office:** 2, Krishna Building, St. Anthony's Road, Mathuradas Colony, Vakola
Santacruz (E), Mumbai - 400 098. Tel.: +91 22 2666 6641

# Advertisement
## Tariff Card

Publication: KCA, **MUMBAI BULLETIN**
Issue: **QUARTERLY**

---

| **COLOUR PAGES** | ₹ |
|---|---|
| • Inside Front Cover | 8,000.00 |
| • Inside Back Cover | 8,000.00 |
| • Back Cover | 10,000.00 |
| • Inside Full Page | 5,000.00 |
| • Double Page Spread | 10,000.00 |
| • Center Spread | 12,000.00 |
| **B/W PAGES** | |
| • Half Page: Horizontal / Vertical | 3,000.00 |
| • Quarter Page : Standard | 1,500.00 |
| • Text Ads - per 50 words | 200.00 |
| • Box Ads - Per Lot (1" x 1") | 400.00 |
| **DISCOUNTS** | |
| • 2 Issues Commitment | 5% Discount |
| • 3 Issues Commitment | 10% Discount |
| • 4 Issues Commitment | 15% Discount |


**SUBMISSION GUIDLINES**

- All Artworks must be submitted in high resolution PDF JPEG format
- Please ensure all fonts an images ae embedded

---

**FOR BOOKING AND INQUIRIES, PLEASE CONTACT:**
Email: info@kcamumbai.com/ generalsecretary@kcamumbai.com
Phone: 93230 27177 / 98339 40043

*Thank you for choosing KCA Bulletin for your advertising needs.*



*From the Desk of President*

## വർഗീയതയുടെ ആപത്ത്

എൺപതുകളിലും തൊണ്ണൂറുകളിലുംകളിലും വർഗീയ ശക്തികൾ സങ്കുചിത വികാരങ്ങൾ ഉണർത്തി വിട്ടു കൊണ്ടേയിരിക്കുകയായിരുന്നു. ഇന്ന് അതിന് ജനങ്ങളുടെ ഇടയിൽ സ്വാധീനം നേടിക്കൊണ്ടിരിക്കുകയാണ്. വർഗീയതയുടെ പുതിയ മുഖങ്ങൾ അതിന്റെ വിവിധ പോഷക സംഘടനകളിലൂടെ തങ്ങളുടെ ഫാസിസ്റ്റ് രീതിയിലുള്ള പ്രത്യയശാസ്ത്രം പരസ്യമായി പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഭരണകൂടത്തിന്റെ എല്ലാ സംവിധാനങ്ങളുടെ ഉള്ളിലേക്കും നുഴഞ്ഞുകയറാൻ ഈ സംഘടനകൾ ചിട്ടയായി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ പിന്തിരിപ്പൻ വിഘടന ശക്തികളെ എങ്ങനെയാണ് നേരിടുക എന്നതിന് നമ്മുടെ സംഘടനമുൻഗണന നൽകേണ്ടതുണ്ട്.

വർഗീയ കാഴ്ചപ്പാടും വർഗീയ പാർട്ടികളോടും ചേർന്ന് നിൽക്കാൻ മതനിരപേക്ഷ ജനാധിപത്യ ബോധമുള്ളവർ പോലും കിനിഞ്ഞു ഇറങ്ങിയിട്ടുണ്ട്. വർഗീയ പ്രത്യയശാസ്ത്രം, ക്രിസ്തീയ വിശ്വാസങ്ങളിലേക്ക് കിനിഞ്ഞിറങ്ങി കഴിഞ്ഞാൽ, അതിനെ നിർമാർജനം ചെയ്യുന്നതിനും മതനിരപേക്ഷ ജനാധിപത്യ അവബോധം സൃഷ്ടിക്കുന്നതിനും സുദീർഘവും വിഷമകരവുമായ സമരം നടത്തേണ്ടിവരും. വർഗീയ ശക്തികളും  മറ്റു വർഗീയ സംഘടനകളും ക്രിസ്തീയ വിഭാഗത്തിനിടയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ തുറന്നുകാട്ടലുകളും നമ്മുടെ പ്രവർത്തനങ്ങളിൽ ദൃശ്യമല്ല..

നമ്മുടെ വിഭാഗത്തിനിടയിലേക്ക് നുഴഞ്ഞുകയറിയ വർഗീയശക്തികളെ നേരിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാം ഊന്നി പറയേണ്ടതുണ്ട്. നമ്മുടെ ദൗർബല്യങ്ങൾ മാറ്റിവെച്ച്, യോജിച്ച സമരങ്ങൾ വേണമെന്ന ആവശ്യം നമ്മൾ വർദ്ധിപ്പിക്കണം. നമ്മുടെ ലക്ഷ്യങ്ങളെക്കുറിച്ച് നമുക്ക് വ്യക്തത ഉണ്ടായിരിക്കണം. ചിലപ്പോൾ നമ്മുടെ ഇടയിൽ വിട്ടുവീഴ്ച മനോഭാവം ഉണ്ടാകാം എന്നാൽ, ഐക്യത്തോടെയുള്ള പ്രക്ഷോഭങ്ങൾ ഒരുപാട് കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള അവസരങ്ങൾ നമുക്ക് ലഭ്യമാക്കും. സ്ഥിരമായ ഒരു നിലപാടിന് വേണ്ടിയാണ് നമ്മൾ സംസാരിക്കേണ്ടത്. നമ്മുടെ നിലപാടിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരെയെല്ലാം വിലയിരുത്താൻ നാം പഠിക്കേണ്ടതുണ്ട്. ഇത് ചെയ്യുന്നില്ലെങ്കിൽ, നമ്മുടെ അമ്മമാരും സഹോദരിമാരും ഇനിയും ജാമ്യമില്ല വകുപ്പുകൾ ചുമത്തി ജയിലുകളുടെ അറകളിൽ നമ്മെ കാത്തിരിക്കേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടും.

നിർണായകമായ സന്ദർഭങ്ങളിൽ നമ്മുടെ പങ്കാളികൾ എന്ന് നടിക്കുന്ന നേതാക്കന്മാർ നടത്തിയേക്കാവുന്ന ചാഞ്ചാട്ടങ്ങളെ മറികടക്കാൻ വിഷമമായിരിക്കും എന്നു മാത്രമല്ല,  ദ്രുതഗതിയിൽ  ശക്തി പ്രാപിച്ചു വരുന്ന കടന്നാക്രമണങ്ങളെ ദൃഢമായി ചെറുക്കാൻ കഴിയത്തക്ക വിധത്തിൽ നമ്മുടെ വിശ്വാസ സമൂഹത്തെ അണിനിരത്തുവാനോ അവരുടെ ശബ്ദമുയർത്തുവാനോ ഇപ്പോഴും കഴിയുന്നില്ല. ക്രിസ്തീയ വിശ്വാസികളിൽ ഒരു വലിയ വിഭാഗത്തെ യോജിച്ച സമരത്തിലേക്ക് കൊണ്ടുവരുവാൻ ഇതുവരെയായിട്ടും നമുക്ക് കഴിഞ്ഞിട്ടില്ല. അതിനു കഴിയാത്തത് സംയുക്തമായി അവരെ സമീപിക്കാൻ നമുക്ക് കഴിയാത്തതുകൊണ്ടാണ്. അതിനാൽ, സർക്കാരുകളുടെ തെറ്റായ


നയങ്ങൾക്കെതിരായി യോജിച്ച ചിട്ടയായ പ്രവർത്തനങ്ങളുടേതായ അന്തരീക്ഷം നിലനിർത്തുന്നതിനും, വർദ്ധിച്ചുവരുന്ന കടന്നാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ, എല്ലാ തലങ്ങളിലും ഉള്ള ജനവിഭാഗങ്ങളും, നിരന്തമായി നമ്മുടെ പ്രവർത്തകരെ അണിനിരത്തുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിൽ നമ്മുടെ ഉത്തരവാദിത്വമാണ്. അല്ലെങ്കിൽ ഇനിയും ഒറീസയും ഉത്തരാഖണ്ഡും മറ്റും നിരന്തരം ആവർത്തിക്കപ്പെടുകയോ അതുമല്ലെങ്കിൽ നമ്മൾക്കെല്ലാവർക്കും ഫാദർ സ്റ്റാൻസ്വാമിയുടെ ദുരന്തം സ്വയം ഏറ്റുവാങ്ങേണ്ടി വരും എന്ന് ഉറപ്പാണ്. കാത്തിരിക്കുക അത് വിദൂരമല്ല.

പലതരത്തിലുള്ള സ്വാതന്ത്ര്യ ധ്വംസനങ്ങൾ നടക്കുന്ന സമയത്താണ് നാം ജീവിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ ശുദ്ധ വായു നിഷേധിക്കപ്പെടുന്ന വലിയൊരു വിഭാഗം രാജ്യത്തുണ്ട്.

നാടിന്റെ നന്മയ്ക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ചവർ സംശയത്തിന്റെ നിഴലിലാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതുണ്ട്.

**ഏററവും സ്നേഹത്തോടെ,**

ജോയ് വർഗീസ് പാറേക്കാട്ടിൽ
(പ്രസിഡന്റ് – കെ.സി.എ., മുംബൈ)



# എഡിറ്റോറിയൽ



## നിർമിതബുദ്ധിയും മനുഷ്യജീവിതവും.

(കെ.സി.എ. ജനറൽ സെക്രട്ടറി എഴുതുന്നു)

“അവൻ മനുഷ്യനെ സ്വന്തം രൂപത്തിൽ സൃഷ്ടിച്ചു” - സ്നേഹത്തിന്റെ ശ്വാസം നിറച്ച്, സസ്യങ്ങളേയും പുഴകളേയും മറ്റുജീവജാലങ്ങളെയും കൂടെ സമ്മാനിച്ച്, ഭൂമിയെ ഭരിക്കാൻ മനുഷ്യന് അവസരം നൽകി.

ഇന്ന്, നാം സാങ്കേതികതവിദ്യയുടെ വിസ്മയപൂർണ്ണമായ വികസനങ്ങൾ മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ ആഴമായി പതിഞ്ഞിരിക്കുന്ന ഒരു കാലത്താണ് ജീവിക്കുന്നത്. അതിന്റെ ഏറ്റവും പുതിയ അവതാരമാണ് നിർമിതബുദ്ധി (Artificial Intelligence) - മനുഷ്യന്റെ ചിന്തകൾ, തീരുമാനങ്ങൾ, പ്രവൃത്തികൾ എന്നിവയെ പോലും അനുകരിക്കാനും സ്വാധീനിക്കാനും ശേഷിയുള്ള കൃത്രിമമായ ബുദ്ധിശക്തി. ഇത് ജീവിതത്തിലെ അനവധി മേഖലകളിൽ അതിശയകരമായ മാറ്റങ്ങൾ സൃഷിടിച്ചുകൊണ്ടിരിക്കുന്നു. വിവരശേഖരണം, ജോലി കാര്യക്ഷമത, ആശയവിനിമയം, വിദ്യാഭ്യാസം, മെഡിക്കൽ രംഗം തുടങ്ങി നാനാ ഭാഗങ്ങളിലേക്കുള്ള അതിന്റെ കൈവഴികൾ ഒരുപാടാണ്. ഈ പുതിയ ലോകം യുവാക്കൾക്ക് അതിവേഗം മുന്നോട്ടുപോകാൻ അവസരങ്ങൾ ഒരുക്കുമ്പോൾ, അതിന്റെ മറുവശത്ത് ചില ഭീഷണികളും നാം കാണേണ്ടിയിരിക്കുന്നു.

നമ്മുടെ യുവതലമുറയുടെ സ്വതന്ത്രചിന്ത, സൃഷ്ടിശക്തി, സംഭാഷണശൈലി മുതലായവ മെഷീനുകൾക്കായി വിട്ടുകൊടുക്കുമ്പോൾ, അവരുടെ വ്യക്തിത്വം തന്നെ ശൂന്യമായി മാറുമോ എന്ന ഭയം അനാവശ്യമെന്ന് പറയാൻ കഴിയില്ല. ഓരോ ചോദ്യത്തിനും ഉള്ള ഉത്തരത്തിനായി നിർമിതബുദ്ധിയെ ആശ്രയിക്കുമ്പോൾ, ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന സാഹചര്യം കുറയുകയാണ്. മുതിർന്നവർക്ക് ഇതൊരു ആശങ്കയാണ് - ഈ പുതിയ ലോകം തങ്ങൾക്കറിയാവുന്നതാവുമോ? നമ്മുടെ അനുഭവങ്ങളെയും സ്നേഹഭാവങ്ങളെയും മാറ്റി സ്ഥാപിക്കുമോ ഈ നിർമിതബുദ്ധി? നമ്മുടെ ജോലിസ്ഥലങ്ങളിൽ പോലും മാറ്റങ്ങൾ വരുന്നു - നൈപുണ്യം, അനുസരണം, കൂട്ടായ്മ എന്നിവയെക്കാൾ മുൻതൂക്കം സാങ്കേതിക വിദ്യയ്ക്കു നല്കുന്ന സമീപനം മനുഷ്യ ബന്ധങ്ങളിൽ തളർച്ച വരുത്തുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ, ക്രൈസ്തവദർശനം പറയുന്നത് വ്യക്തിയുടെ അന്തസ്സും ഉത്തരവാദിത്തബോധവും സംരക്ഷിക്കപ്പെടേണ്ടതാണെന്നതാണ്. ദൈവം നമ്മെ സൃഷ്ടിച്ചതെന്തിന്? പരിശ്രമിക്കാൻ, പ്രാർത്ഥിക്കാൻ, സ്നേഹിക്കാൻ, സഹായിക്കാൻ - അതിനല്ലേ?

നിർമിതബുദ്ധിയെ നാം എങ്ങനെ കാണണം എന്നതിന്റെ ഉത്തരവാദിത്തം നമ്മുടെ കൈകളിലാണുള്ളത്. നിർമിതബുദ്ധി കേവലം ഒരു ഉപകരണം മാത്രമാവട്ടെ - നമ്മെ ഉപദേശിക്കാൻ, സഹായിക്കാൻ, കാര്യക്ഷമത വർദ്ധിപ്പിക്കാൻ, പക്ഷേ, നമ്മുടെ കഴിവുകളും മൂല്യങ്ങളും അതിനോട് കീഴടങ്ങരുത്, അടിയറവുവക്കരുത്. സമയ ലാഭത്തിനായി നിരന്തരമായി ഇതിനെ ആശ്രയിക്കുന്നതോടെ, നമുക്കുള്ള യഥാർത്ഥ ബുദ്ധിശക്തി തന്നെ ശുഷ്കിച്ചുപോകും - ഭാഷയുടെ ശുദ്ധിയും ചിന്തയുടെ ആഴവുമൊക്കെ നഷ്ടപ്പെടും നാമറിയാതെ തന്നേ!. അതിനാൽ തന്നെ, നമ്മുടെ കുട്ടികളെ നാം ഇതിനെക്കുറിച്ചു


ബോധവാന്മാരാക്കുന്നത് നിർണായകമാണ് - വിവേകത്തോടെ ഉപയോഗിക്കൂ, അതിന്മേലുള്ള ആശ്രയത്വം നിയന്ത്രിക്കൂ, നിങ്ങളുടെയോ, ദൈവത്തിന്റെയോ പകർപ്പല്ല; മറിച്ചു കേവലം ഒരു ഉപകരണം മാത്രമാണ് ഇത് എന്നു മനസ്സിലാക്കി കൊടുക്കൂ.

സ്നേഹിക്കാനും കരുണ കാണിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനും വെറും കംപ്യൂട്ടറുകൾക്ക് കഴിയില്ല. നല്ലതും ചീത്തയും തിരിച്ചറിയുന്ന വിവേകവും, അതിജീവനത്തിന്റെയും സ്നേഹത്തിന്റെയും പാഠങ്ങളും നമ്മുടെ മക്കൾക്ക് നാം പകർന്നു നൽകേണ്ടതുണ്ട്. "സാങ്കേതികവിദ്യയിലുള്ള അത്യധികമായ ആശ്രയത്വം മനുഷ്യനെ മനുഷ്യത്വരഹിതനാക്കും" എന്ന ദാർശനിക വാക്കുകൾ നമുക്കോർമയിൽവെക്കാം - അതിനാൽ തന്നെ, വിശ്വാസത്തിന്റെ വെളിച്ചത്തിൽ, നാം നമ്മുടെ തലമുറകളെ വളർത്തണം - പരിശ്രമത്തിനും പ്രാർത്ഥനക്കും ഒരുപോലെ വിലകൊടുത്തുകൊണ്ട്, നിർമാണബുദ്ധിയെ ഒരു ഉപകാരമാക്കിക്കൊണ്ട്, ഉപയോഗത്തിന്റെയും ദുരുപയോഗത്തിന്റെയും നേർത്ത അതിരേഖ മറികടക്കാതെ, അതിന്റെ അടിമകളാവാതെ!

ഭാവിതലമുറയ്ക്ക് നാം കൈമാറേണ്ട ഏറ്റവും വലിയ പാഠം ഇതാണ് - ആത്മാർത്ഥമായി ജീവിക്കുക, സ്നേഹത്തോടെ പ്രവർത്തിക്കുക, സാങ്കേതിക വിദ്യയെ അനുയോജ്യമായി ഉപയോഗിക്കുക, ജ്ഞാനസമ്പത്ത് സൃഷ്ടിക്കാൻ നിർമിതബുദ്ധിയെ ഉപയോഗിക്കുക. പക്ഷേ ആത്മാവിന്റെ ശബ്ദം കേൾക്കാൻ ഹൃദയം തുറക്കുക. അത് നിങ്ങളെ ശരിയായ ദിശയിലേക്ക് നയിക്കും - യന്ത്രങ്ങൾക്കപ്പുറം ഉയർന്ന മനുഷ്യത്വത്തിലേക്കും ദൈവികതയിലേക്കും നാം വളരട്ടെ - ദൈവത്തിൽ!, ജ്ഞാനത്തിന്റെ വഴികളിലൂടെ!

ഏററവും സ്നേഹത്തോടെ,

**അഭിലാഷ് ജോസഫ്**
(ജനറൽ സെക്രട്ടറി – കെ.സി.എ., മുംബൈ)





**My Dear KCA family,**

The Kerala Catholic Association has a unique vocation. I'm reminded of the founder fathers' vision to safeguard our community's well-being in Mumbai. What began as a response to spiritual and religious needs soon evolved into a holistic approach to supporting our members in every aspect of life.

Growing up, I witnessed my father's dedication to KCA, and now, as Treasurer, I'm humbled to serve this community.

I'm delighted to report that, thanks to God's blessings and your generosity, our financial position remains strong. Your contributions have enabled us to support the underprivileged, sponsor education, and celebrate our heritage. Every rupee has contributed to building a more compassionate KCA family.

As we move forward, I invite you to join us in our mission with faith and unity. Your involvement, contributions, and suggestions are invaluable. A comprehensive financial report will be presented at our Annual General Meeting, where your insights are welcome.

Thank you for your trust, generosity, and commitment. May the Lord bless you and your families abundantly.

With warm regards,

**Sajesh Abraham**

Treasurer
KCA, Mumbai

# വാർഷിക പ്രവർത്തന റിപ്പോർട്ട് 2024-2025

കേരള കാത്തലിക് അസോസിയേഷൻ മുംബൈയുടെ 2024-25 കാലഘട്ടത്തിലെ എക്സിക്യൂട്ടിവ് കമ്മിറ്റി യുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം. ബഹുമാനപ്പെട്ട അംഗങ്ങളുടെ വിശകലനത്തിനും അംഗീകാരത്തിനായി സമർപ്പിക്കുന്ന ഈ അവസരത്തിൽ, നമ്മുടെ കെ.സി.എ. -യുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി കഴിഞ്ഞ പ്രവർത്തനവർഷം ക്രിയാത്മകവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ നടത്തുവാൻ അനുഗ്രഹവർഷം ചൊരിഞ്ഞ സർവ്വേശ്വരനായ പരമപിതാവിന് നന്ദിയും, കൃതജ്ഞതയും അർപ്പിക്കുന്നു.

അതോടൊപ്പം തന്നെ കെ.സി.എ. യുടെ അനുദിന ഉന്നമനത്തിനായി അക്ഷീണം പ്രവർത്തിച്ച പ്രതിഭാധനന്മാരായ മുൻകാല നേതാക്കളേയും പ്രവർത്തകരേയും അവരുടെ കുടുംബാംഗങ്ങളെയും പൂർണ്ണമനസ്സോടെ നമിക്കുന്നു.

കേരള കാത്തലിക് അസോസിയേഷൻ മുംബൈയുടെ മഹത്തായ ചരിത്രത്തിൽ പ്രവർത്തനസജീവതയും, വെല്ലുവിളികളും ഒരുമിച്ച് നിറഞ്ഞിരിക്കുന്ന അപൂർവ്വമായൊരു കാലഘട്ടത്തിലൂടെയാണ് നാം ഇപ്പോൾ കടന്നു പോകുന്നത് എന്ന കാര്യം വിനയത്തോടെ ഓർമ്മപ്പെടുത്തുന്നു.

കേരള കാത്തലിക് അസോസിയേഷൻ മുംബൈയുടെ സേവനങ്ങൾ സമുഹത്തിൻെറ ഏറ്റം താഴെത്തട്ടിലുള്ള വർക്കുപോലും പ്രയോജനപ്പെടുക എന്ന ഉദ്ദേശ്യം മുൻനിർത്തിയാണ് നടപ്പിലാക്കപ്പെടുന്നത്. ജനോപകാരപ്രദമായ ഈ പ്രവർത്തനങ്ങൾ കെ.സി.എ. -ക്കും, കെ.സി.എ. പ്രവർത്തകർക്കും പൊതുസമുഹത്തിൽ അംഗീകാരവും, ബഹുമാനവും നാൾക്കുനാൾ വർദ്ധിക്കുവാൻ ഇടനൽകി എന്നുള്ളത് നാം ഏവർക്കും അഭിമാനിക്കാവുന്ന വസ്തുതയാണ്.

കേരള കാത്തലിക് അസോസിയേഷൻ മുംബൈയുടെ തുടർന്നുള്ള സാമൂഹികവും, സൃഷ്ടിപരവുമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ കെ.സി.എ.-യെ സമാന സംഘടനകളുടെ ഉത്തുംഗശ്രേണിയിലേക്ക് നയിക്കുവാൻ നാമെല്ലാവരും മനസ്സാ വാചാ കർമ്മണ എപ്പോഴും പ്രതിജ്ഞാബദ്ധരായിരിക്കും എന്നുറപ്പ് നൽകുന്നു.

നമ്മുടെ കെ.സി.എ.-യുടെ തുടർന്നുള്ള ഉന്നമനത്തിനും. യശസ്സിനും, സ്വർഗ്ഗീയ മധ്യസ്ഥനായ അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് പുണ്യവാളൻെറ തുടർമാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട്, ഈ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ സമക്ഷം സവിനയം സമർപ്പിക്കട്ടെ.

## ❐ കെ.സി.എ. സ്കൂൾ പ്രവർത്തനങ്ങൾ:

**"സഹായം വരുന്നത് ആകാശവും, ഭൂമിയും ഉണ്ടാക്കിയ യഹോവയിൽ നിന്നാകുന്നു." [സങ്കീർത്തനങ്ങൾ 121:2]**

2012-ൽ 30-ൽ താഴെ കുട്ടികളുമായി പ്രവർത്തനം ആരംഭിച്ച നമ്മുടെ സ്കൂൾ 2025 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം, സംസ്ഥാന ബോർഡിൽ 1251 പേരും, കേംബ്രിഡ്ജ് ബോർഡിൽ 447 പേരുമായി മൊത്തത്തിൽ 1698-ൽ പരം കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുകയും, അദ്ധ്യാപകരായി 102 പേരും, അനദ്ധ്യാപകരും മറ്റു ജീവനക്കാരുമായി 50 പേരും ഉൾപ്പെടെ 152 പേരെ തൊഴിൽ നിരതരുമാക്കുന്ന, അഭിമാനകരമായ നിലയിലേക്കാണ് വളർന്നെത്തിയിരിക്കുന്നത്.

പ്രസ്തുത കാലഘട്ടത്തിൽ നമ്മുടെ സ്കൂൾ സംസ്ഥാന ബോർഡിൻെറയും, കേംബ്രിഡ്ജ് ബോർഡിൻെറയും പത്താം ക്ലാസ് വാർഷിക പരീക്ഷയിൽ 100 ശതമാനം വിജയം നേടുകയും, സംസ്ഥാന ബോർഡിലെ 60 ശതമാനം വിദ്യാർത്ഥികളും കേംബ്രിഡ്ജ് ബോർഡിലെ 50 ശതമാനം വിദ്യാർത്ഥികളും ഡിസ്ററിംക്ഷനിൽ കുടുതലുള്ള മാർക്കുനേടി പാസ്സാകുകയും ചെയ്തിരിക്കുന്നു. തുടർച്ചയായ മൂന്നാം വർഷമാണ് നമ്മുടെ സ്കൂൾ ഈ നേട്ടം കൈവരിക്കുന്നത് എന്നത്, ഈ വിജയം കൂടുതൽ തിളക്കമുള്ളതാക്കുന്നു. ഇത്, അദ്ധ്യാപകരുടെ നിരന്തരമായ പരിശ്രമത്തിൻെറയും വിദ്യാർത്ഥികളുടെ ആത്മനിശ്ചയദാർഢ്യത്തിൻെറയും മഹത്തായ ഫലമാണ്. കേവലം പാഠ്യവിഷയങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ നമ്മുടെ സ്കൂളിലെ കുട്ടികളും, അദ്ധ്യാപർക്കുള്ള മത്സരങ്ങളിൽ അദ്ധ്യാപകരും പാഠ്യേതര മേഖലകളിലും ഈ കാലയളവിൽ ഏറെ നേട്ടങ്ങളുണ്ടാക്കുകയുണ്ടായി. ജില്ലാതലത്തിലും ഇൻ്റർ സ്കൂൾ തലത്തിലുമൊക്കെയായി നടന്ന വായനാ മത്സരം, ക്വിസ് മത്സരം, ഇന്ത്യൻ ടാലെൻ്റ് ഒളിമ്പ്യാഡ്, ഗോൾഡൻ സ്കൂൾ അവാർഡ്, പ്രസംഗമത്സരം, കിക്ക് ബോക്സിംഗ്, കളിമൺ കരകൗശല മത്സരം, ഉപന്യാസമത്സരം, ചിത്രരചന, മാത്സ് ഒളിമ്പ്യാഡ്, ടെറേറിയം ഡിസൈൻ മത്സരം തുടങ്ങിയവയിലായി ആകെ 21 സ്വർണ്ണ പതക്കങ്ങളും, 36 വെള്ളി പതക്കങ്ങളും, 45 വെങ്കല പതക്കങ്ങളും നമ്മൾ നേടിയെടുക്കുകയുണ്ടായി.

നമ്മുടെ സ്കൂളിൻെറ മേൽപ്പറഞ്ഞ എല്ലാ നേട്ടങ്ങളുടെയും പിന്നിൽ പ്രവർത്തിച്ച സ്കൂൾ സ്ററാഫ്, അദ്ധ്യാപകർ, മുൻ പ്രിൻസിപ്പാൾ ശ്രീമതി നാരായണികുട്ടി ഗോപി, നിലവിലെ പ്രിൻസിപ്പാൾ ശ്രീമതി ഗീതാ മുരളി, സ്കൂൾ മാനേജർ ശ്രീ മോഹൻ കണ്ടത്തിൽ അദ്ധ്യാപകരും, അനദ്ധ്യാപകരുമായ സ്കൂൾ ജീവനക്കാർ, അസോസ്സിയേഷൻ പ്രസിഡണ്ട് ശ്രീ ജോയ് വർഗീസ്, ഭരണസമിതി അംഗങ്ങൾ, എക്സിക്യൂട്ടിവ് അംഗങ്ങൾ, സർവ്വോപരി ബഹുമാന്യരായ അസോസിയേഷൻ അംഗങ്ങൾ എന്നിവരെ അഭിമാനത്തോടെയും, നന്ദിയോടെയും ഈ അവസരത്തിൽ ഓർക്കുന്നു.

## ❒ കെ.സി.എ. ഭവൻ-സ്കൂൾ കെട്ടിട പുനർ നിർമ്മാണം:

**"കർത്താവാണെൻെറ ഇടയൻ എനിക്കൊന്നിലും മുട്ടുണ്ടാവുകയില്ല." [സങ്കീർത്തനം 23:1]**

2023 മെയ് 21-ന് വളരെ ലളിതമായ ചടങ്ങിലൂടെ ആരംഭിച്ച കെ.സി.എ. ഭവൻ/സ്കൂൾ കെട്ടിട പുനർ നിർമ്മാണ പ്രവർത്തനം, തുടർന്ന് 2024 മെയ് മാസ ത്തോടെ, അതായത് ഒരു വർഷത്തിനുള്ളിൽ, എല്ലാ ഘടനാപരമായ നിർമ്മാണങ്ങളും അതിവേഗം പൂർത്തി യാക്കിയശേഷം, അകത്തള നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിക്കുകയുണ്ടായി. അത്യാവശ്യമായ ഏതാ നും ക്ലാസ്സ് മുറികൾക്ക് മുൻഗണന നൽകി പൂർത്തി യാക്കിയ ശേഷം, ബഹുമാനപ്പെട്ട ബിജു ചിറ്റിലപ്പള്ളി അച്ചൻെറ കാർമികത്വത്തിൽ 2024 നവംബർ 10-നു നടന്ന ദിവ്യബലിയെ തുടർന്ന് ലളിതമായ ചടങ്ങിലൂടെ ഭാഗിക വെഞ്ചിരിപ്പ് കർമ്മം നടന്നു. ഇതിലൂടെ, സ്ഥല പരിമിതിമൂലം മുമ്പ് കഷ്ടപെട്ടിരുന്ന നമ്മുടെ സ്കൂളി ലെ കുട്ടികൾക്ക് കൂടുതൽ പഠന സൗകര്യം ഒരുക്കാൻ സാധിച്ചു.

സാമ്പത്തിക പ്രതിസന്ധിയ അഭിമുഖീകരിക്കുന്നുണ്ടെ ങ്കിലും, സ്കൂളിൻെറ ശേഷിക്കുന്ന അകത്തള നിർമ്മാ ണ പ്രവർത്തനങ്ങൾ അതിവേഗം, ഗുണമേൻമയും കൃത്യതയും ഉറപ്പുവരുത്തി. ഏകദേശം എല്ലാ ക്ലാസ് മുറികളും അദ്ധ്യാപന യോഗ്യമാക്കുന്നതിനു മുൻഗണന നൽകി പൂർത്തിയാക്കി, ഈ അദ്ധ്യയന വർഷത്തിൻെറ തുടക്കത്തിൽ തന്നെ അവയെല്ലാം നമ്മുടെ സ്കൂളിന് ഉപയോഗ യോഗ്യമാക്കി നൽകുകയുണ്ടായി. സാമ്പ ത്തിക പ്രതിസന്ധി മുന്നേറുന്നതെങ്കിലും ദൈവത്തി ലുള്ള അടിയുറച്ച വിശ്വാസവും, ശുഭാപ്തിപ്രതീക്ഷ യും ചേർത്ത് നമ്മൾ ആത്മവിശ്വാസത്തോടെ, അപഞ്ച ലമായി മുന്നോട്ടു നീങ്ങുന്നു.

ഈ വേളയിൽ, നമ്മുടെ അസോസിയേഷൻെറ പ്രസി ഡണ്ട് ശ്രീ ജോയ് വർഗീസ്, ട്രഷറർ ശ്രീ. സജേഷ് എബ്രഹാം, മറ്റുഭരണസമിതി അംഗങ്ങൾ, കൺസ്ട്ര ക്ഷൻസ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.ഒ. ജോസ്, കമ്മിറ്റി അംഗങ്ങളായ ശ്രീ എം.ടി. ഡേവിഡ്, ശ്രീ റാഫേൽ ജോസഫ്, കേന്ദ്ര എക്സിക്യൂട്ടിവ് കമ്മിറ്റിയി ലെ മറ്റു അംഗങ്ങൾ എന്നിവരുടെ അശ്രാന്തമായ പരിശ്രമങ്ങളെയും, സമർപ്പണത്തെയും, ഏറെ നന്ദി യോടെയും, അഭിമാനത്തോടെയും സ്മരിക്കുന്നു.

## ❒ സാമൂഹിക - കലാ - സാംസ്കാരിക പരിപാടികൾ:

**"അവനെ കാഹളംകൊണ്ടും, വീണകൊണ്ടും, കിന്നരി യാലും, നൃത്തത്താലും സ്തുതിപ്പിൻ." [സങ്കീർത്തനം 150 : 3 - 4]**

സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങളുടെ തിരക്കുകൾ ക്കും, സാമ്പത്തിക ഞെരുക്കങ്ങൾക്കും, സ്ഥലപരി മിതികൾക്ക് ഇടയിലും, സംഘടനാ പ്രവർത്തനങ്ങളി ലും, ചാരിറ്റി പ്രവർത്തനങ്ങളിലും ഏറെ മുന്നേറ്റം നട ത്തിയ ഒരു കാലയളവിലൂടെയാണ് നാം ഇപ്പോൾ കടന്നുപോയി കൊണ്ടിരിക്കുന്നത്.

2024 ജൂൺ 30-ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയും, സ്ഥാനമൊഴിയുന്ന അംഗങ്ങൾക്ക് ആദരവും സ്മരണികാ ഉപഹാരവും ഉൾപ്പെടുത്തി ഒരു ഘനഗാംഭീരമായ ചടങ്ങ് സംഘടിപ്പി ക്കുകയുണ്ടായി. ഈ ചടങ്ങിന് നേതൃത്വം നൽകിയ ട്രഷറർ ശ്രീ സജേഷ് എബ്രഹാം, ലേഡീസ് വിങ് ചെയർപേഴ്സൺ ശ്രീമതി ലിൻസി ജോർജ്, കൾച്ചറൽ കമ്മിറ്റി ചെയർമാൻ ശ്രീ ജോയ് നെല്ലൻ, മറ്റു കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഈ വേളയിൽ ഹൃദയപൂർവ്വം നന്ദിയോടെ സ്മരിക്കുന്നു.

അതുപോലെ തന്നെ, നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിൻെറ സാംസ്കാരിക പാരമ്പര്യം വിളമ്പരം ചെയ്തുകൊണ്ട് 2024 സെപ്ററംബർ മാസം 14-ാം തീയതി വളരെ വിപുലമായ രീതിയിൽ ഒരു ഓണാ ഘോഷം സംഘടിപ്പിക്കുകയുണ്ടായി. കലാസാംസ്കാ രിക പരിപാടികൾ, പൂക്കളം, വിഭവസമൃദ്ധമായ സദ്യ എന്നിവയാൽ സമ്പന്നമായ ഈ ചടങ്ങ് നമ്മുടെ കെ.സി.എ.-യുടെ ഐക്യത്തേയും ആവേശത്തെയും തെളിയിച്ചുവെന്നത് അഭിമാനകരമാണ്.

2024 സെപ്ററംബർ മാസം മുതൽ ഡിസംബർ മാസം വരെയുള്ള കാലയളവിൽ കെ.സി.എ. ഒരു ഓൺലൈൻ കലോത്സവം യൂണിറ്റ് തലത്തിലും അതേ തുടർന്ന് കേന്ദ്രതലത്തിലും സംഘടിപ്പിക്കുകയും, വിജയികളെ പ്രഖ്യാപിക്കുകയും ഉണ്ടായി. യൂണീറ്റുകളെ കൂടുതൽ ചലനാത്മകമാക്കുവാൻ സഹായിച്ച ഒരു പരിപാടി യായിരുന്നു ഇത്. തുടർന്ന് 2025 ജനുവരി മാസം 5-ാം തീയതി ക്രിസ്തുമസ്സ് പുതുവർഷ ആഘോഷങ്ങൾ വളരെ വർണ്ണശബളമായി സംഘടിപ്പിക്കുകയും, തത വസരത്തിൽ കെ.സി.എ. കലോത്സവ വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയുണ്ടായി. അതോടൊപ്പം തന്നെ സ്കൂൾ - കോളേജ്തല പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച വിവിധ കെ.സി.എ. അംഗങ്ങളുടെ കുട്ടി കളെ ആദരിക്കുകയും ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയുമുണ്ടായി.

ഈ പരിപാടികൾക്ക് അകമഴിഞ്ഞ പിന്തുണ നൽകിയ കെ.സി.എ. നേതൃത്വത്തേയും, വിജയകരമായ നടത്തി പ്പിനു നേതൃത്വം നൽകിയ കൾച്ചറൽ കമ്മിറ്റി ചെയർമാൻ ശ്രീ ജോയ് നെല്ലൻ, ശ്രീ മോഹൻ കണ്ടത്തിൽ, കൾച്ചറ ൽ കമ്മിറ്റിയിലെ മറ്റു അംഗങ്ങളായ ശ്രീമതി സജിതാ ജോസഫ്, ശ്രീ ആൻറണി ജോസഫ്, ശ്രീ എം.എം. ജോസ്, നിസ്വാർത്ഥ പ്രവർത്തനങ്ങൾ കാഴ്ചവെച്ച സീനിയർ വൈസ് പ്രസിഡണ്ട് ശ്രീ സി.ബി. ജോസഫ്, ശ്രീ. എബ്രഹാം ലൂക്കോസ്, ശ്രീ ജോണി വർഗീസ്, ശ്രീ സാംജി ജോസഫ്, ശ്രീ. ജെയിംസ് കണ്ണമ്പുഴ, ശ്രീ ലീജോ ജോസഫ്, ശ്രീ. ജോസഫ് തോമസ്, ശ്രീ ഷിബു ജോൺ, അസീസി നഗർ യൂണിറ്റ് മെമ്പേർസ്, സ്കൂൾ

സ്റ്റാഫ്, കെ.സി.എ. ഭരണസമിതി, എന്നിവരെയും, എക്സിക്യൂട്ടിവിലെ മറ്റെല്ലാ അംഗങ്ങളേയും നന്ദി പൂർവ്വം സ്മരിക്കുന്നു.

നമ്മുടെ മധ്യസ്ഥനായ അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് പുണ്യവാളൻെറ മധ്യസ്ഥദിന വിശുദ്ധ കുർബാനയും, ലദീഞ്ഞും 2024 ഒക്ടോബർ മാസം 5 -ന് നമ്മുടെ പ്രത്യേക ക്ഷണം സ്വീകരിച്ചു എത്തിയിരുന്ന റവ. ഫാദർ ബിജു ചിറ്റിലപ്പള്ളി അച്ചൻെറ കാർമ്മി കത്വത്തിൽ നടത്തുപ്പെടുകയുണ്ടായി. ഇതിനു നേതൃ ത്വം നൽകിയ നമ്മുടെ കേന്ദ്ര എക്സിക്യൂട്ടിവ് അംഗ ങ്ങളേയും അസീസി നഗർ യൂണിറ്റിലേയും മറ്റു യൂണി റ്റുകളിലേയും, സഹൃദയരായ അംഗങ്ങളേയും ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു.

2024 നവംബർ മാസം പതിനൊന്നാം തീയതി സൈബർ ഇടത്തിലെ കുറ്റകൃത്യങ്ങളെപ്പറ്റിയും അതിൻെറ വരും വരായ്മകളെപ്പറ്റിയും നമ്മുടെ യുവതലമുറയേയും, മുതിർന്നവരേയും ബോധവാന്മാരാക്കുന്നതിനായി വിശദമായ ഒരു സെമിനാർ യൂത്ത് വിങ് ചെയർമാൻ ശ്രീ ജെയിംസ് കണ്ണമ്പുഴയുടെയും, സ്ററഡിക്ലാസ് ചെയർമാൻ ശ്രീ സണ്ണി മാത്യൂവിൻെറയും, ലേഡീസ് വിങ് ചെയർപേഴ്സൺ ശ്രീമതി ലിൻസി ജോർജി ൻെറയും നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഈ സെമിനാറിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള അംഗ ങ്ങൾ പങ്കെടുക്കുകയുണ്ടായി. യുവജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഒരു സെമിനാറായിരുന്നു ഇത്.

2025 മാർച്ച് മാസം 16-ാം തീയതി കെ.സി.എ. ലേഡീസ് വിങ്ങിൻെറ നേതൃത്വത്തിൽ നടത്തിയ സെൽഫ് ലവ് ആൻഡ് കാൻസർ അവയർനെസ്സ് എന്ന പേരിലുള്ള സെമിനാർ വനിതാ പങ്കാളിത്തംകൊണ്ട് സമ്പന്ന മായിരുന്നു. പ്രസ്തുത സെമിനാറിൽ അനുദിനം മാറി ക്കൊണ്ടിരിക്കുന്ന ഇന്നത്തെ ജീവിതസാഹചര്യങ്ങളിൽ, സ്ത്രീകൾ സ്വന്തം ആരോഗ്യത്തെപ്പറ്റിക്കൂടി ചിന്തിക്കേ ണ്ടതിൻെറയും ബോധവതികളാവേണ്ടതിൻെറയും ആവശ്യത്തെപ്പറ്റി വിശദമായി സംസാരിക്കുകയുണ്ടാ യി. ഇതൊടൊപ്പം സംഘടിപ്പിച്ച കാൻസർ പരിശോധ നാ മെഡിക്കൽ ക്യാമ്പ് വളരെയധികം വനിതകൾക്ക് പ്രയോജനകരമായി. ഈ പരിപാടിക്ക് നേതൃത്വം നൽ കിയ ലേഡീസ് വിങ്ങിൻെറ ചെയർപേഴ്സൺ ശ്രീമതി ലിൻസി ജോർജ്, ലേഡീസ് വിങ്ങിൻെറ മറ്റു അംഗങ്ങൾ, സ്കൂൾ ജീവനക്കാർ, കെ.സി.എ. യൂണിറ്റുകൾ എന്നി വരെ സ്നേഹപൂർവ്വം അനുമോദിക്കുന്നു.

## ❐ സാമൂഹ്യക്ഷേമ - സേവന - സഹായ പ്രവർത്തനങ്ങൾ:

**"സ്നേഹത്തോടെ മറ്റുള്ളവരെ സഹായിക്കുന്നവനോട് ദൈവം സന്തോഷിക്കുന്നു. അവൻ അവർക്കു പ്രതിഫലം നൽകും." [സങ്കീർത്തനങ്ങൾ 41: 1-3]**

ഈ കാലയളവിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള സാമ്പത്തികമായും, ആരോഗ്യപരമായും കഷ്ടത അനുഭവിക്കുന്ന 19-ൽ പരം ആളുകൾക്ക് സാമ്പത്തിക ചികിത്സാ സഹായമായി 7 ലക്ഷത്തോളം രൂപ എത്തി ക്കാൻ മുൻകൈയെടുത്ത പ്രസ്തുത കാലയളവിലെ ഭരണസമിതിയേയും വിശിഷ്യാ, സോഷ്യൽ സർവീസ് കമ്മിറ്റി ചെയർമാൻ ശ്രീ ജോസഫ് തോമസിനെയും, അദ്ദേഹത്തിൻെറ കമ്മിറ്റി അംഗങ്ങളേയും, സമ്പൂർണ്ണ പിന്തുണ നൽകിയ ഭരണനേതൃത്വത്തിലേയും, എക്സി ക്യൂട്ടീവിലെയും എല്ലാ അംഗങ്ങളുടേയും പ്രവർത്തന ങ്ങളെ പ്രത്യേകം ശ്ലാഘിക്കുന്നു.

സാമൂഹ്യക്ഷേമ - സേവന - സഹായ പ്രവർത്തനങ്ങ ളിലും മറ്റനവധി സംഘടനാ പ്രവർത്തനങ്ങളിലും, കേന്ദ്രത്തോടൊപ്പം തന്നെയോ, ഒരു പക്ഷെ ഒരുപടി മുന്നിൽ നിന്നുകൊണ്ടോ മാതൃകാപരമായി പ്രവർത്തി ക്കുന്ന എല്ലാ യൂണിറ്റുകളെയും പ്രത്യേകം ഈ അവ സരത്തിൽ പരാമർശിക്കുകയും, പ്രശംസിക്കുകയും ചെയ്യുന്നു. അതൊടൊപ്പം അവരുടെ മുൻപോട്ടുള്ള സേവന യാത്രയിൽ എല്ലാ ഭാവുകങ്ങളും പിന്തുണയും ആസംസിക്കുന്നു.

കുറച്ചു കാലങ്ങളായി അധികമൊന്നും സജീവമല്ലാ തിരുന്ന കെ.സി.എ. എംപ്ലോയ്മെന്റ് ബ്യൂറോയെ കുറ ച്ചുകൂടി ചലനാത്മകമാക്കുവാൻ കഴിഞ്ഞ ഭരണ സമിതികളിലൂടെ സാധിച്ചു എന്നുള്ളത് ഏറെ ചാരി താർത്ഥ്യം നൽകുന്ന ഒരു കാര്യമാണ്. 2024 ജൂലൈ മാസം 23-ാം തീയതി കെ.സി.എ. എംപ്ലോയിൻ്റമെൻ്റ് ബ്യൂറോയുടെ നേതൃത്വത്തിൽ വാട്സ്അപ്പ് ഗ്രൂപ്പു കളുടെ ഒരു കമ്മ്യൂണിറ്റി ആരംഭിക്കുകയും അതെ തുടർന്ന് വിവിധ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും വളരെ നല്ല പ്രതികരണങ്ങൾ ലഭിക്കുകയുണ്ടാ യി. തൊഴിൽ ആവശ്യമുള്ളവർക്ക് വാട്സ്അപ്പിലൂടെ സഹായഹസ്തം എത്തിക്കുന്നതിനുള്ള ശ്രമങ്ങളിൽ നിരവധി യൂണിറ്റുകളും, അംഗങ്ങളും സജീവമായി പങ്കെടുത്തു. തൊഴിൽ ഒഴിവുകളും യോഗ്യരായ ഉദ്യോ ഗാർത്ഥികളുടെ വിവരങ്ങളും പോസ്ററ് ചെയ്തുകൊ ണ്ട് നിരവധി മെമ്പേർസ് സംഭാവന നൽകി. നിരവധി ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ ജോലി വിവ രങ്ങൾ ലഭിച്ചു. എംപ്ലോയ്മെൻ്റ് ബ്യൂറോ വഴി പരസ്യ പ്പെടുത്തിയ വിവിധ തൊഴിൽ മേളകളുടെ ആനുകൂല്യ ങ്ങൾ നിരവധി ആളുകൾക്ക് ലഭിക്കുകയും ചെയ്തു. ഈ സംരംഭത്തിന് നേതൃത്വം നൽകിയ എംപ്ലോയ് മെന്റ് ബ്യൂറോ ചെയർമാൻ ശ്രീ ജോൺ ചെല്ലന്തറ അദ്ദേഹത്തിൻെറ കമ്മിറ്റി അംഗങ്ങളായ ശ്രീ ജോർജ് ഊക്കൻ, ശ്രീ ജോബിൻ കുര്യൻ, അതോടൊപ്പം തന്നെ കഴിഞ്ഞ കാലയളവിലെ ചെയർമാൻ ശ്രീ ജെയിംസ് കണ്ണമ്പുഴ, കേന്ദ്ര എക്സിക്യൂട്ടിവ് കമ്മിറ്റി മെമ്പേർസ്, മറ്റുള്ള അഭ്യുദയാകാംക്ഷികൾ എന്നിവരെ നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

## ❐ സംഘടനാ വികസന പ്രവർത്തനങ്ങൾ:

**"എല്ലാവരും ഒത്തുചേരുമ്പോൾ കർത്താവിൻെറ**

**അനുഗ്രഹം അവരോടുകൂടെ ഉണ്ടായിരിക്കും. [സങ്കീർത്തനങ്ങൾ 133 : 1]**

പ്രസ്തുത കാലയളവിൽ 15 എക്സിക്യൂട്ടിവ് മീറ്റിംഗുകളും, 2 എമർജൻസി എക്സിക്യൂട്ടിവ് മീറ്റിംഗുകളും, 3 ,സെൻട്രൽ കൗൺസിൽ മീറ്റിംഗുകളും, 1 ജനറൽ മീറ്റിംഗും, യൂണിറ്റ് ഭാരവാഹികളുടെ ഒരു മീറ്റിംഗും, ഡോണർ മെമ്പേർസിൻെറ ഒരു മീറ്റിംഗും നടത്തുകയുണ്ടായി. കെ.സി.എ. -യുടെ വർത്തമാന ഭാവി കാലഘട്ടങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനും കൂട്ടായ തീരുമാനങ്ങളെടുക്കുവാനും ഇത്തരം കൂടിച്ചേരലുകൾ ഏറെ സഹായകയമായി, പ്രത്യേകിച്ചും നമ്മുടെ കെ.സി.എ. സാമ്പത്തികവും സാമൂഹ്യകവുമായ ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ.

226 പുതിയ ലൈഫ് മെമ്പർമാരെ ഈ കാലയളവിൽ കെ.സി.എ.-യിലേക്ക് ആകർഷിക്കുവാനും അംഗങ്ങളാക്കുവാനും സാധിച്ചു. ഇതോടെ 2025 മാർച്ച് മാസം 31 വരെയുള്ള കണക്കുപ്രകാരം ലൈഫ് മെമ്പർമാരുടെ മൊത്തം അംഗസംഖ്യ 6377 ആയി ഉയർന്നു. നമ്മുടെ അസോസിയേഷൻ കാലാകാലങ്ങളായി നടത്തികൊണ്ടിരിക്കുന്ന മേൽ വിവരിച്ച തരത്തിലുള്ള പുരോഗമനപരവും, ആകർഷകവും, വികസനോന്മുഖവുമായ സംഘടനാ പ്രവർത്തനങ്ങളുടെ ഫലമാണ് ആയുഷ്കാല അംഗത്വത്തിൽ കാണപ്പെടുന്ന ഈ അഭിവൃദ്ധി എന്ന് പ്രത്യേകം എടുത്തുപറയേണ്ട ഒരു വസ്തുതയാണ്.

അതുപോലെ തന്നെ കെ.സി.എ. യൂണിറ്റുകളും കേന്ദ്രവും തമ്മിലുള്ള ബന്ധം ഏറെ ഊഷ്മളമായ ഒരു വർഷമാണ് കടന്നുപോയത്.

ഇവക്കെല്ലാം നേതൃത്വം നൽകിയ ബഹുമാനപ്പെട്ട പ്രസിഡണ്ട് ശ്രീ ജോയ് വർഗീസ്, ട്രഷറർ ശ്രീ സജേഷ് എബ്രഹാം, മറ്റു ഭരണസമിതി അംഗങ്ങൾ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, സ്ററാൻഡിംഗ് കമ്മറ്റിയുടേയും, സബ് കമ്മറ്റിയുടേയും, ചെയർമാൻ മറ്റംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ, സർവോപരി എല്ലാ കെ.സി.എ. പ്രവർത്തകരുടെയും നിസ്വാർത്ഥമായ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

## ❒ നിയമപരമായ വിഷയങ്ങൾ:

**കർത്താവിൻെറ നിയമങ്ങൾ സത്യവും നീതിയും നിറഞ്ഞവയാണ്. അവ മനുഷ്യരുടെ പാത തെളിക്കുന്നു. [സങ്കീർത്തനങ്ങൾ 119 : 30]**

നമ്മുടെ ചില ബഹുമാന്യരായ അംഗങ്ങൾ ചാരിറ്റി കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന നിരവധി തെറ്റിധാരണാജനകമായ പരാതികളെപ്പറ്റി നമുക്കേവർക്കും അറിവുള്ള കാര്യമാണ്. ഇവയിൽ ചിലതൊക്കെ തീർപ്പാക്കുകയും, മറ്റു ചിലത് പരാതിക്കാർ സദയം പിൻവലിച്ചതായി സംഘടനയെ അറിയിച്ചിട്ടുള്ള കാര്യം ഏറെ സന്തോഷത്തോടെയും, നന്ദിയോടെയും നിങ്ങളെ അറിയിക്കുന്നു. എന്നിരുന്നാലും ബാക്കിയുള്ള പരാതികളിൽ വാദം കേൾക്കുന്നതിനും, തീർപ്പാക്കുന്നതിനുമായി നമ്മുടെ നിയമോപദേശകൻ നമുക്കുവേണ്ടി അനേകം തവണ ചാരിറ്റി കമ്മീഷന് മുൻപാകെ സന്നിഹിതനാവുകയും, പരാതികളിൽ നമ്മുടെ നിലപാടുകൾ കാലാകാലങ്ങളിലായി വിശദീകരിച്ചു കൊണ്ടിരിക്കുകയുമാണ്.

ഇത്തരം പരാതികൾ നമ്മുടെ കെ.സി.എ. യുടെ അനുദിന പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ നാളിതുവരെ നടത്തിക്കൊണ്ടു പോകുന്നു. എന്നിരുന്നാലും ഇത്തരം തെറ്റിധാരണാജനകമായ പരാതികൾ നമ്മുടെ കെ.സി.എ. -യുടെ മുന്നോട്ടുള്ള ത്വരിത വളർച്ചക്കും, അന്തസ്സിനും ചേർന്നതല്ല എന്ന് പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളട്ടെ. മാത്രമല്ല ഇത്തരം പരാതികൾ കെ.സി.എ.-ക്ക് അനാവശ്യ പണചിലവും, സമയനഷ്ടവും വരുത്തിവെക്കുന്നു. ആയതിനാൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഇനിയെങ്കിലും ഇത്തരം പരാതികൾ പിൻവലിക്കണം എന്ന് പരാതിക്കാരായ എല്ലാ ബഹുമാന്യ അംഗങ്ങളോടും താഴ്മയായി അഭ്യർത്ഥിക്കുന്നു.

ഈ കാലയളവിൽ ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണലിൽ നടന്നുകൊണ്ടിരിക്കുന്ന അധികനികുതി ഈടാക്കുന്നതിനെ സംബന്ധിച്ച കേസിൽ കെ.സി.എ. -ക്ക് അനുകൂലമായി വിധി വന്നതായി കേസിൻെറ നടത്തിപ്പുകാരായ മിസ് പദ്വേക്കർ ലോ ചേംബേഴ്സ് ഹൗസ് നമ്മെ അറിയിക്കുകയുണ്ടായി. ഇതിലൂടെ നമുക്കുണ്ടായിരുന്ന അധികബാധ്യതയായ 50 ലക്ഷത്തിൽപരം രൂപ ലാഭിക്കുവാൻ സാധിച്ചേക്കും എന്നത് ഒരു വലിയനേട്ടം തന്നെയാണ് ഇത് ഒരു സ്വാഗതാർഹമായ ആശ്വാസമാണെങ്കിലും, ആദായനികുതി അധികാരികൾ വീണ്ടും അപ്പീൽ നൽകാനുള്ള സാധ്യത ഇപ്പോഴും നിലനിൽക്കുന്നു.

ഈ അവസരത്തിൽ ഇതിൻെറ നടത്തിപ്പിനായി നേതൃത്വം നൽകിയ നിയമോപദേശകർ, അഡ്വൈസറി കമ്മിറ്റി ചെയർമാൻ ശ്രീ സാജി ജോസഫ്, മറ്റു കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സുദീർഹമായ ഇടപെടലുകൾക്കും ഉപദേശങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

## ❒ ധനകാര്യ പ്രവർത്തന നിർവഹണം:

**"സത്യവും നീതിയും പാലിക്കുന്നവരുടെ ധനസമ്പത്ത് സ്ഥിരമായി വളരും, കർത്താവ് അവരെ അനുഗ്രഹിക്കും." [സങ്കീർത്തനങ്ങൾ 37 : 25]**

കേരള കത്തോലിക് അസോസിയേഷൻ മുംബൈയുടെ 2023-2024 കാലഘട്ടത്തിലെ വാർഷിക കണക്കുകൾ 2024 സെപ്റ്റംബർ 19-ന് ഇൻറേണൽ ഓഡിറ്റിംഗും, സെപ്റ്റംബർ 20-ന് സ്ററാറ്റ്യൂട്ടറി ഓഡിറ്റിംഗും, പൂർത്തിയാക്കി. തുടർന്ന് സെപ്റ്റംബർ 25-ന് ഇൻകം ടാക്സ് ഡിപ്പാർട്മെൻറിലും, പിന്നീട് ചാരിറ്റി കമ്മീഷനിലും കണക്കുകൾ സമർപ്പിക്കുകയുണ്ടായി. 2024 ഒക്ടോബർ 14-ന് ചാരിറ്റി കമ്മീഷൻ ഓഫിസിൽ നിന്ന് ബോധ്യപത്രം ലഭിക്കുകയും, ഒക്ടോബർ 20-ന് നടന്ന

ജനറൽ ബോഡി മീറ്റിംഗിൽ 2023-24 കാലഘട്ടത്തിലെ വാർഷിക കണക്കുകൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു.

ഇതിനുപരി കെ.സി.എ. യുടെ 2025-2026 വർഷത്തേക്കുള്ള ബജറ്റ് 2025 ജനുവരി 31-ന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം നേടി. തുടർന്ന് ഫെബ്രുവരി 9-ന് സെൻട്രൽ കൗൺസിലിൻെറ അംഗീകാരവും ലഭിച്ചു. അതേ മാസം 10-ാം തീയതി ബജറ്റ് ചാരിറ്റി കമ്മീഷനിൽ സമർപ്പിക്കപ്പെട്ടു.

ഈ അവസരത്തിൽ നമ്മുടെ ധനകാര്യ നിർവഹണത്തിന് ചുക്കാൻ പിടിച്ച ട്രഷറർ ശ്രീ സജേഷ് എബ്രഹാം, ഇൻറേണൽ ഓഡിറ്റേഴ്സായ ശ്രീ ജോസ് മാത്യു, ശ്രീ ജോസ് പാറക്ക, കെ.സി.എ. സ്ററാഫ് ശ്രീമതി ജിൻസി മാത്യൂ, ശ്രീമതി ഈശ്വരി, ശ്രീമതി ഏയ്ഞ്ചൽ, സ്ററാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് മെ. ഫഖി അസോസിയേറ്റ്സ് എന്നിവരുടെ കാര്യക്ഷമതയും, കഠിനാധ്വാനവും, ദീർഘവീക്ഷണവും ഫലപ്രദമായ രീതിയിൽ ധനകാര്യ നിർവഹണം നടത്തുന്നതിൽ നമ്മെ സഹായിച്ചു എന്നുള്ളത് ഏറെ നന്ദിയോടെ സ്മരിക്കുന്നു.

## ❐ കൃതജ്ഞത സമർപ്പണം:

**"നല്ലവരുടെ സേവനവും സഹകരണവും ഞാൻ മനസ്സിലാക്കി, കർത്താവിൻെറ അനുഗ്രഹത്തിൽ അവർക്കും അവരെ സഹായിച്ചവർക്കും പ്രതിഫലം ഉണ്ടാകും." [സങ്കീർത്തനങ്ങൾ 112 : 4-5]**

കേരള കത്തോലിക് അസോസിയേഷൻ മുംബൈയുടെ ഉദ്യമങ്ങളിലെല്ലാം, കെ.സി.എ. യുടെ യഥാർത്ഥ ശക്തി സ്രോതസായ ബഹുമാന്യരായ എല്ലാ അംഗങ്ങളുടെയും ചെറുതും, വലുതുമായ ത്യാഗങ്ങളും സേവനപ്രവർത്തനങ്ങളും, പ്രാർത്ഥനകളും ഏറെ നന്ദിയോടെ സ്മരിക്കുന്നു. ഈ വർഷം നമുക്ക് ഇത്രയേറെ കാര്യക്ഷമവും വിപുലവുമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചതിൻെറ പിന്നിൽ സംഘടനാ നേതൃത്വത്തോടുള്ള അംഗങ്ങളുടെ നിസ്സ്വാർത്ഥവും ആത്മാർത്ഥവുമായ സഹകരണവും, വിശ്വാസവും മാത്രമാണെന്ന സത്യം വിസ്മരിക്കാനാവില്ല. അംഗങ്ങളുടെ ഐക്യവും സമർപ്പണവും തന്നെയാണ് നമ്മുടെ യാത്രയെ മുന്നോട്ടു നയിക്കുന്ന ആത്മബലം എന്ന കാര്യം എടുത്തു പറയേണ്ടതാണ്.

കെ.സി.എ. യുടെ 2024-2025 കാലഘട്ടത്തിലെ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വവും മാർഗ്ഗദർശനവും നൽകിയ നമ്മുടെ ബഹുമാനപ്പെട്ട പ്രസിഡൻ്റ് ശ്രീ ജോയ് വർഗീസിന്റെ ഭരണനിർവഹണ ശേഷിയും പ്രവർത്തനനിരതയും, സാമൂഹ്യസേവന തല്പരതയും, ഹൃദ്യമായ പ്രശംസ അർഹിക്കുന്നു.

അദ്ദേഹത്തിനോടൊപ്പം തോളോട് തോൾ ചേർന്നു നിന്നു പ്രവർത്തിച്ച പ്രസ്തുത കാലയളവിലെ ട്രഷറർ ശ്രീ സജേഷ് എബ്രാഹം, സീനിയർ വൈസ് പ്രസിഡൻ്റ് ശ്രീ സിബി ജോസഫ്, വൈസ് പ്രസിഡൻ്റ് .

ശ്രീ പി. ഓ. ജോസ്, സീനിയർ ജോയിൻ്റ് സെക്രട്ടറി ശ്രീ ജോസ് ജോർജ്, ജോയിൻ്റ് സെക്രട്ടറി ശ്രീ സി. എം. ഫെർണാണ്ടസ് ജോയിൻ്റ് ട്രഷറർ ശ്രീ എ. ജെ. വിൽസൺ എന്നിവർ ഉൾപ്പെട്ട ഭാരവാഹികളുടെ ഭരണ നൈപുണ്യവും, നിസ്വാർത്ഥമായ സേവനങ്ങളും ഈ അവസരത്തിൽ എടുത്തു പറയേണ്ടവയാണ്.

കഴിഞ്ഞ ഒരു വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾ ഏറ്റവും മികവുറ്റതാക്കുവാൻ എപ്പോഴും കൂടെനിന്ന് നിസ്വാർത്ഥ സേവനം അനുഷ്ടിച്ച നമ്മുടെ എക്സിക്യൂട്ടിവ് മെംമ്പേർസ് ആയിട്ടുള്ള ശ്രീ സണ്ണി മാത്യൂ, ശ്രീ ജോസഫ് തോമസ്, ശ്രീ സുനിൽദാസ്, ശ്രീ ജോൺ ചെല്ലന്തറ, ശ്രീമതി ലിൻസി ജോർജ്, ശ്രീ. എം.ടി. ഡേവിഡ്, ശ്രീ സാംജി ജോസഫ്, ശ്രീ കെ.ജെ. റാഫേൽ, ശ്രീ സെബാസ്ററ്യൻ തോമസ്, ശ്രീ ജോയ് നെല്ലൻ, ശ്രീ പി.ആർ. ജോസ്, ശ്രീ ജെയിംസ്കുട്ടി ഈപ്പൻ, ശ്രീമതി എമിലി ജോസ്, ശ്രീ ഷിബു ജോൺ, ശ്രീ അജീഷ് ജോസഫ്, കോപ്ററഡ് മെംമ്പേർസ് ശ്രീ ജോണി വർഗീസ്, ശ്രീ ജെയിംസ് കണ്ണമ്പുഴ, ശ്രീ ജോയ് പയ്യപ്പിള്ളി, പ്രത്യേക ക്ഷണിതാക്കളായ ശ്രീ പോൾ വർഗീസ്, ശ്രീ മോഹൻ കണ്ടത്തിൽ, ശ്രീ ലിജോ ജോസഫ്, ശ്രീ ലാൽസൺ ജോർജ്, ശ്രീമതി സോണിയ ലാൽ, ശ്രീമതി ഡെയ്സി ഇഗ്നഷ്യേസ് എന്നിവരുടെ കെ.സി.എ. -യോടുള്ള കൂറും, ആത്മാർത്ഥതയും കൊണ്ടുമാത്രമാണ് കെ.സി.എ.-ക്ക് മുന്നേറാൻ സാധിച്ചത്, എന്നും ഏറെ കൃതജ്ഞതയോടെ ഓർമ്മിക്കുന്നു.

കെ.സി.എ. നേരിട്ട സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി, അത്യാവശ്യമായ സമയത്ത് 2 കോടിയിലധികം രൂപ പലിശരഹിത വായ്പയായോ, സംഭാവനയായോ നൽകുന്നതിൽ സഹകരിച്ച ശ്രീ ജോയ് വർഗീസ്, ശ്രീ സജേഷ് എബ്രഹാം, ശ്രീ ജോസ് ജോർജ്, ശ്രീ അഭിലാഷ് ജോസഫ്, ശ്രീ സി.എം. ഫെർണാണ്ടസ്, ശ്രീ ഷിബു ജോൺ, ശ്രീ ജിസ് ജോസ്, ശ്രീ സുനിൽ ദാസ്, ശ്രീ ജോണി വർഗീസ്, ശ്രീ ജോസ് മാത്യൂ, നെരുൾ യൂണിറ്റ്, ഗൊരേഗാവ് യൂണിറ്റ്, ശ്രീ എം.ടി. ഡേവിഡ്, ശ്രീ എ.ജെ. വിൽസൺ, ശ്രീ ബേബി ജോൺ, ശ്രീ പി.ആർ. ജോസ്, ശ്രീ ജാഗി മാത്യൂ, ശ്രീ പി.ഒ. തോമസ്, ശ്രീ എബ്രഹാം ലൂക്കോസ് എന്നിവർക്കെല്ലാം കെ.സി.എ.-യുടെ പേരിൽ ഹൃദയത്തിൽ നിന്നുള്ള നന്ദിയും എല്ലാ നന്മകളും ആസംസിച്ചു കൊള്ളുന്നു.

നമ്മുടെ കെ.സി.എ.-യുടെ എല്ലാ പ്രവർത്തനങ്ങൾക്കും, മാർഗ്ഗദർശികളായും, ചാലകശക്തികളായും നിലകൊണ്ട എല്ലാ മുൻകാല നേതാക്കളെയും, മുൻകാല ഭാരവാഹികളെയും, അതുല്യമായ സഹകരണത്തോടെ സംഭാവന ചെയ്ത ഡോണർ മെമ്പേർസിനേയും ഈ വേളയിൽ ആദരപൂർവ്വം, കൃതജ്ഞതയോടെ സ്മരിക്കുന്നു. അവരുടെ ദാർശനികത്വവും സമർപ്പണവും തന്നെയാണ്, ഇന്നത്തെ നമ്മുടെ വിജയങ്ങളുടെയും, വളർച്ചയുടെയും പാതയെ പ്രകാശിപ്പിച്ച ദീപശിഖ.

കെ.സി.എ. ഓഫിസ് പ്രവർത്തനങ്ങൾ, റിപ്പോർട്ടുകൾ, സാമ്പത്തിക രേഖകൾ, വിവരശേഖരണം രേഖപ്പെടുത്തൽ, വിവിധ ചടങ്ങുകളുടെ ഒരുക്കങ്ങൾ തുടങ്ങി അനവധി മേഖലകളിൽ ഭാരവാഹികളോടൊപ്പം നിന്നു പ്രവർത്തിച്ച ശ്രീമതി ജീൻസി, ശ്രീമതി ഈശ്വരി, ശ്രീമതി ഏയ്ഞ്ചൽ എന്നിവരുടെ അധ്വാനത്തേയും, കാര്യക്ഷമതയേയും ഹൃദയപൂർവം നന്ദിയോടെ അനുസ്മരിക്കുന്നു.

എക്സിക്യൂട്ടിവ് മീറ്റിംഗ്, സെൻട്രൽ കൗൺസിൽ മീറ്റിംഗ്, വാർഷിക ജനറൽബോഡി മീറ്റിംഗ് എന്നിവയുടെ ക്രമീകരണങ്ങളിലും, രേഖപ്പെടുത്തലുകളിലും, ജനറൽ സെക്രട്ടറിക്ക് പിന്തുണയായി പ്രവർത്തിച്ച സീനിയർ ജോയിൻറ് സെക്രട്ടറി ശ്രീ ജോസ് ജോർജിനും, ജോയിൻറ് സെക്രട്ടറി ശ്രീ സി.എം. ഫെർണാണ്ടസിനും ഹൃദയത്തിൽ നിന്നുള്ള നന്ദി അർപ്പിക്കുന്നു.

കെ.സി.എ. ബുള്ളറ്റിൻെറ പ്രവർത്തനങ്ങളിൽ ജനറൽ സെക്രട്ടറിക്കൊപ്പംനിന്ന് നേതൃത്വം നൽകിയ മാനേജിംഗ് എഡിറ്റർ ശ്രീ പി.ആർ. ജോസ്, നിസ്വാർത്ഥസഹായം നൽകിയ ശ്രീ എബ്രഹാം ലൂക്കോസ്, പബ്ലിക്കേഷൻ കമ്മിറ്റി അംഗങ്ങളായ ശ്രീ ജോർജ് ജോസഫ്, ശ്രീ എ.വി. ഇഗ്നേഷ്യസ് എന്നിവരെ സ്നേഹപൂർവ്വം ഓർക്കുന്നു.

അതോടൊപ്പം തന്നെ സോഷ്യൽ സർവീസ് കമ്മിറ്റിയിൽ പ്രവർത്തിച്ച ശ്രീ ജിസ് ജോസ്, ശ്രീ റോയ് ഫിലിപ്പ്, അഡ്വൈസറി കമ്മറ്റിയിൽ സേവനമനുഷ്ടിച്ച ശ്രീ സതീഷ് പൗവത്തിൽ, ശ്രീ പി.എ. വിൻസെൻറ്, സ്പോർട്സ് കമ്മിറ്റിയിൽ സേവനം അനുഷ്ടിച്ച ശ്രീ ജൂഡ് ഫെർണാണ്ടസ്, ശ്രീ ഷാജി ജോർജ്, സ്ററഡി ക്ലാസ്സ് കമ്മറ്റിയിൽ പ്രവർത്തിച്ച ശ്രീ വർഗീസ് നിലപ്പന, ശ്രീ ഷാജി മാത്യൂ, യൂത്ത്വിങ്ങിൽ സഹകരിച്ച ശ്രീ ജയ്മോൻ സിറിയക്, ശ്രീ സോജോമോൻ ജോൺസൻ, മാര്യേജ് ബ്യൂറോ കമ്മറ്റിയിൽ അംഗങ്ങളായിരുന്ന ശ്രീ മത്തായി സി.ടി. ശ്രീ എം.എൽ. സൈമൺ, ലേഡിസ് വിങ്ങിൻെറ പ്രവർത്തനങ്ങളിൽ സഹകരിച്ച ശ്രീമതി ജോയ്സി തോമസ്, ശ്രീമതി റീന പോൾ, യൂണിറ്റ് റിവൈവൽ കമ്മറ്റിയിൽ സേവനം നൽകിയ ബെന്നി സി. തോമസ് എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങളിൽ പൊതുവായ മാർഗ്ഗനിർദ്ദേശം നൽകിയ എക്സോഫിഷ്യോ മുൻ പ്രസിഡണ്ട് ശ്രീ എബ്രഹാം ലൂക്കോസിനെയും, സാമ്പത്തിക കാര്യങ്ങളിൽ മാർഗ്ഗദർശനം നൽകിയ എക്സോഫിഷ്യോ മുൻ ട്രഷറർ ശ്രീ തോമസ് പി. ജോർജിനെയും ഹൃദയപൂർവ്വം അനുസ്മരിക്കുന്നു.

അതോടൊപ്പം ഓരോ കെ.സി.എ. യൂണിറ്റിലേയും പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, മറ്റു ഭാരവാഹികൾ സെൻട്രൽ കൗൺസിലിലും ജനറൽബോഡിയിലുമുള്ള അംഗങ്ങൾ, മറ്റ് അംഗങ്ങൾ എന്നിവർ നൽകിയ നിസ്വാർത്ഥമായ സഹകരണം തന്നെയാണ് നമ്മുടെ കെ.സി.എ.-യുടെ യഥാർത്ഥ ശക്തിയെന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണുന്നു..

സർവശക്തനായ ത്രീത്വയ്ക്ക ദൈവത്തിൻെറ കരുണയ്ക്കും, നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ അനുഗ്രഹത്തിനും ഹൃദയ ഭാഷയിൽ നന്ദി അർപ്പിച്ചുകൊണ്ട്, എല്ലാവരുടെയും തുടർച്ചയായ സഹകരണവും, അനുഗ്രഹവും, വിനയാന്വിതമായി അഭ്യർത്ഥിച്ചുകൊണ്ട്, ഈ റിപ്പോർട്ട് പൊതുയോഗത്തിൻെറ വിശകലനത്തിനും, അംഗീകാരത്തിനുമായി സാദരം സമർപ്പിക്കുന്നു.

കേരള കത്തോലിക് അസോസിയേഷൻ
മുംബൈക്കുവേണ്ടി,
സ്നേഹപൂർവ്വം, വിശ്വസ്ഥതയോടെ,

**അഭിലാഷ് ജോസഫ്**
ജനറൽ സെക്രട്ടറി



Mother Eliswa Vakayil, India's first indigenous Catholic nun, who is also the foundress of the first indigenous Congregation (TOCD) for women in Kerala and the first indigenous Carmelite religious order for women in India, was declared Blessed in Kochi on 8 November, 2025. The solemn ceremony, presided over by Cardinal Sebastian Francis and attended by several prelates including Archbishop Joseph Kalathiparambil of Verapoly and Archbishop Mar Andrews Thazhath, the president of CBCI, along with hundreds of clergy and members of Congregation of Teresian Carmelites, honored her enduring legacy of as a pioneer in education of women in Kerala, woman empowerment in India and compassion for the least in the society.


# യൂണിറ്റ് വാർത്തകൾ

## KCA BHAYANDER UNIT



• Food for Poor organized by KCA Bhayander Unit reaching 350 weeks
• Dress for Needy organized by KCA Bhayander Unit
• KCA Bhayander Unit Managing Committee Members, Honourned Sacred Heart Church Vicar Fr. Soji

## KCA DOMBIVLI UNIT



As part of its ongoing social commitment, KCA Dombivli Unit organized a charity distribution drive during the month of July 2025, benefitting more than 300 children from five Municipal and Zilla Parishad schools in the Dombivli area. This was with the generous support of KCA Dombivli Unit members and well wishers.

The event was aimed at supporting underprivileged school children during the rainy season by providing them with colorful, high-quality umbrellas. The KCA team visited each school, interacted with the students, and personally handed over the umbrellas, ensuring not just protection from the rain but also spreading joy and smiles among the little ones.

School authorities, teaching staff, and local community members appreciated the thoughtful gesture. The distribution program also included cultural interactions, and children actively participated with excitement and gratitude.

This initiative reflects KCA Dombivli Unit's dedication to community welfare and its continuous efforts in uplifting and supporting education and children's well-being in the society.

## KCA THANE UNIT






താനെ കാപ്പർബൗഡി സെന്റ് ജോസഫ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്കായി, പുതിയൊരു ടെലിവിഷൻ സ്കൂളിന് സമർപ്പിച്ചു. വിദ്യാർത്ഥികളുടെ പഠനാനുഭവം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംഭാവന. പ്രസിഡന്റ് ശ്രീ. കെ.പി. ആന്റണിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു. പ്രസിഡന്റ് ശ്രീ. ആന്റണിയിൽനിന്ന് സ്കൂൾ മാനേജർ ശ്രീ. മോഹൻ രാജ് ടെലിവിഷൻ ഔപചാരികമായി ഏറ്റുവാങ്ങി.

സെയിന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് സ്കൂൾ സ്പോർട്സ് കൗൺസിലിന് കായികോപകരണങ്ങൾ വാങ്ങുന്നതിനായി താനെ യൂണിറ്റ് പതിനായിരം രൂപ സംഭാവനയായി നൽകി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. കെ.പി. ആന്റണിയുടെയും മറ്റ് ഭാരവാഹികളുടെയും സാനിധ്യത്തിൽ, റെ. ഫാ. ഡൈലൻ സ്പോർട്സ് കൗൺസിലിനുവേണ്ടി സംഭാവന സ്വീകരിച്ചു.

## KCA TILAK NAGAR UNIT



KCA Tilak Nagar Unit has organised charitable activity of food distribution near TATA Cancer Hospital, Parel on 15th August, 2025.

## KCA CHAKALA UNIT





Kits distribution outside TATA Hospital by KCA Chakala Unit

## KCA KALYAN WEST UNIT

യേശുവിൽ സ്നേഹമുള്ളവരെ, കഴിഞ്ഞ കുറെ നാളുകളായി മന്ദഗതിയിലായിരുന്ന കേരള കാത്തലിക് അസോസിയേഷൻ, കല്യാൺ വെസ്റ്റ് യൂണിറ്റിന് ഒരു പുതിയ ഉണർവ് ഉണ്ടാക്കുവാൻ സഹായിച്ച, കൂടെ നിന്ന എല്ലാ യൂണിറ്റ് പ്രവർത്തകർക്കും ആദ്യമായി നന്ദി പറയട്ടെ. ഒത്തിരി ഒന്നും ചെയ്തില്ല എങ്കിലും അണ്ണാൻ കുഞ്ഞിനും തന്നാൽ ആയതുപോലെ. കെ.സി.എ. കല്യാൺ വെസ്റ്റ് യൂണിറ്റ് ഒരു ചെറിയ യൂണിറ്റ് മാത്രമാണ്, അതുകൊണ്ട് അതിൽ ഉള്ള പരിമിതികൾ ഉൾകൊണ്ടുകൊണ്ട് കല്ല്യാൺ വെസ്റ്റിലെ കല്യാൺ വെസ്റ്റിലെ കുറച്ച് നല്ല മനസ്സുകളുടെ സഹായത്താൽ യൂണിറ്റ് പരിസരത്തുള്ള കുറച്ച് ആദിവാസി വീടുകൾ സന്ദർശിച്ച് അവർക്ക് ഭക്ഷണവും, വസ്ത്രവും വിതരണം ചെയ്തു. കൂടാതെ കല്യാൺ പരിസരത്ത് റോഡരുകിൽ താമസിക്കുന്ന ഇരുപതോളം ആളുകൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ കഴിഞ്ഞു. 2024 ക്രിസ്മസ് ആഘോഷ വേളയിൽ കല്യാൺ അതിരൂപതയുടെ കീഴിലുള്ള അനാഥാലയത്തിലെ കുട്ടികൾക്ക് ഫുഡ് കൊടുക്കുവാൻ സാധിച്ചു എന്നുള്ളത് യൂണിറ്റ് വളരുന്നു എന്നുള്ളതിന്റെ ഒരു ഉത്തമ ഉദാഹരണമാണ്. കൂടാതെ യൂണിറ്റിലെ അർഹരായ മെമ്പർമാർക്ക് മെഡിക്കൽ സഹായം കൊടുക്കുകയുണ്ടായി. ഇതിനായി സഹായിച്ച എല്ലാ മെമ്പർമാരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. വരും വർഷങ്ങളിൽ കൂടുതൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്റെ മുന്നോടിയായി ഇത്രയും നാൾ യൂണിറ്റിന് വേണ്ടി അഹോരാത്രം പ്രവർത്തിച്ച 70 വൗസ്സിന് മുകളിലുള്ള എല്ലാ യൂണിറ്റ് അംഗങ്ങളെയും ആദരിക്കാൻ തീരുമാനിച്ചു. യൂത്ത് വിംഗ് ശക്തിപെടുത്തുന്നതിന്റെ ആവശ്യകതെകുറിച്ച് യൂണിറ്റിൽ ചർച്ച ചെയ്തു. മുതിർന്ന യൂണിറ്റ് അംഗങ്ങൾ യൂണിറ്റിന്റെ മുൻകാല പ്രവർത്തനങ്ങളെകുറിച്ചുള്ള അറിവ് പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ കുറച്ചു സമയം കണ്ടെത്തണം എന്ന ആശയം മുന്നോട്ടുവച്ചു. ഇതുവരെയുള്ള പ്രവർത്തനത്തിന് നിങ്ങൾ നൽകിയ പ്രാൽസാഹനം എന്നും ഉണ്ടാകണം എന്ന് അപേക്ഷിക്കുന്നു.

## KCA VASAI UNIT

Unit has remained steadfast in its mission to serve the spiritual, social and ghumanitarian needs of the local community. The activities undertaken during the reporting period highlight our commitment to fellowship, compassion, and proactive engagement in social upliftment. This report documents the key initiatives carried out by the Unit over the past year.

**Monthly Distribution of Free Food at Destitute Homes :** As part of our ongoing outreach program, free food was distributed every second Saturday at various destitute homes within the Vasai locality. These afternoon visits provided not only nourishment but also moments of joy and human connection to the less fortunate. The effort was well-coordinated and supported by volunteers from both the managing committee and youth wing.

**Medical Aid to Members in Need:** Unit responded compassionately to members who sought help during times of financial or medical distress. This initiative reinforced the sense of community and solidarity among our members.

**Visiting the Sick and Offering Support:** True to our Christian values, Unit members regularly visited sick members at hospitals and in their homes. These visits were aimed at providing moral and emotional support, prayer and where possible, material assistance. The compassionate outreach not only comforted the ailing members but also strengthened communal ties and spiritual unity within the association.

**Distribution of 50 Free Food Kits During Lent:** In observance of the Lenten season, the Unit undertook a special initiative to distribute 50 free food kits to underprivileged families in the vicinity. This act of charity symbolized our collective commitment to fasting, almsgiving and prayer, helping us embody the true spirit of Lent through service to the needy.

**Inter-Parish Football Tournament:** A major highlight of the year was the Inter-Parish Football Tournament organized under the dynamic leadership of the Youth Wing of the Vasai Unit. The event successfully encouraged youth participation and fellowship across parishes. 22 teams from across Mumbai & Vashi Virar region participated in this tournament. The tournament was well-attended and appreciated.

Unit, remains dedicated to serving both its members and the wider community through regular, impactful programs. The activities documented in this report are a testament to the collective efforts of the managing committee, youth wing, and volunteers. We remain committed to our mission of faith, service, community-building and look forward to expanding our outreach in the coming year.

## KCA ASSISI NAGAR UNIT



Study Table donated to GYANSAATHI (Free Education School run by Karunya Trust of Kalyan Diocese at Shivaji Naar, Govandi) by KCA Assisi Nagar Unit.

## KCA VIRAR UNIT

പത്താം വർഷത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന കേരള കാത്തലിക് അസോസിയേഷൻ വീരാർ യൂണിറ്റ് 2024 ഡിസംബർ മാസത്തിൽ ക്രിസ്തുമസ് ചാരിറ്റിയുടെ ഭാഗമായി പാൽഗർ ജില്ലയിലെ ആദിവാസി ഗ്രാമങ്ങളിൽ ഫുഡ് കിറ്റുകളും ഡ്രസ്സുകളും വിതരണം ചെയ്തു.

വലിയ നോമ്പുകാലത്ത് (ഈസ്റ്ററിനോടനുബന്ധിച്ച്) ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി പാൽഗർ ജില്ലയിലെ ആദിവാസി മേഖലകളിൽ ഫുഡ് കിറ്റുകളും ഡ്രസ്സുകളും വിതരണം ചെയ്തു.

2015 ലെ ക്രിസ്മസ് ചാരിറ്റി പ്രവർത്തനങ്ങളിലൂടെ രൂപം കൊണ്ട യൂണിറ്റ് കഴിഞ്ഞ 10 വർഷമായി ക്രിസ്മസ് ചാരിറ്റിയും വലിയ നോമ്പുകാല ചാരിറ്റിയും തുടർന്നു കൊണ്ടേയിരിക്കുന്നു. കൂടാതെ വർഷംതോറും സ്കൂൾ ഓപ്പണിങ്ങ് സമയത്ത് നിർധനരായ സ്കൂൾ കുട്ടികൾക്കായി നോട്ടുബുക്കുകളും ബാഗുകളും മറ്റു പഠന സഹായ ഉപകരണങ്ങളും വിതരണം ചെയ്തുകൊണ്ടേയിരിക്കുന്നു.

കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ചികിത്സാ സഹായവും നൽകിവരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് വീൽചെയറും, വാട്ടർ ബെഡ്ഡും വാക്കറും നൽകുവാൻ യൂണിറ്റിന് സാധിച്ചു

അന്തിയുറങ്ങാൻ ഇടമില്ലാതെ രോഗത്താലും മറ്റു ക്ലേശതകളാലും വഴിയരികിൽ ജീവിതം തള്ളിനീക്കിയിരുന്ന വ്യക്തിയെ ഓൾഡ് ഏജ് ഹോമിൽ എത്തിച്ച് അവർക്ക് ഒരു ജീവിതമാർഗം കണ്ടെത്തുവാനും, ഒരു കൈത്താങ്ങായി വർത്തിക്കുവാനും യൂണിറ്റിന് സാധിച്ചു..

യൂണിറ്റ് നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ് സംഭാവനകൾ നൽകി സാമ്പത്തികമായും മറ്റെല്ലാ രീതിയിലും സഹകരിക്കുന്ന എല്ലാവർക്കും യൂണിറ്റിന്റെ നന്ദിയും കടപ്പാടും ഇതോടൊപ്പം അറിയിക്കുന്നു. ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഞങ്ങളോടൊപ്പം സഹകരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ജോഷി തെക്കൂടൻ സി.എം.ഐ. അച്ചനേയും ഈ അരസരത്തിൽ നന്ദിയോടെ ഓർക്കുന്നു. യൂണിറ്റ് കമ്മിറ്റിയുടെയും മറ്റ് അംഗങ്ങളുടെയും കൂട്ടായ സഹകരണത്തിന്റെ പ്രവർത്തനഫലമായാണ് ഇത്തരം ചാരിറ്റി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുന്നത്.

തുടർന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

## KCA BORIVALI UNIT








- The second School Kit distribution to students in the slum areas and food distributed.
- Borivali Unit - Football Tournament.






**Fr. Jaison Koonamplakkal**
Arch Diocese of Trichur

Faith in God is a gratuitous gift. Church is the communion of people who received this gift. Being the members of the Church, let us be grateful to the Almighty for the unfathomable gift of faith. This gift shall not be hid in the ground as the man who received one talent from his master *(Cfr. The Parable of Ten Talents, Mt. 25: 14-30)*. Instead, each and every believer has to keep his or her faith productive by sharing and handing over it to others, especially to the coming generations. Moses' exhortation to the Israelites is quite befitting in this context. "… Do not forget the things which you yourselves have seen, or let them slip from your heart as long as you live; teach them, rather, to your children and to your children's children" *(Deut. 4: 9)*. Realising the importance of imparting the faith she received, down the ages, the Church committed herself in catechetical instructions. It is predominantly through catechetical instructions the faith transmission is being actualized in various parts of the world. Nowadays the expression 'faith formation' is used to connote the entire catechetical activities within the Church circles. Let us spend some time to reflect over a few theoretical and practical aspects of the same.

### The Need for Faith Formation

